മേഖലയിലെ സർക്കാർ സ്കൂളുകളിൽ നിലവിലുള്ള കളിസ്ഥലം മെച്ചപ്പെടുത്താനും കായിക ഉപകരണങ്ങൾ വാങ്ങാനുമായി ഒന്നരലക്ഷം രൂപ ഗ്രാന്റ് ലഭിക്കാവുന്ന ഒരു കേന്ദ്ര പദ്ധതിയും നടപ്പിലാക്കി വരുന്നു. കേരള സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ ഇടുക്കിയിലെ മൂന്നാർ, തിരുവനന്തപുരത്തെ ആറ്റിങ്ങൽ എന്നിവിടങ്ങളിൽ ജില്ലാ സ്പോർട്സ് കോംപ്ലക്സുകൾ സ്ഥാപിക്കാനും തിരുവനന്തപുരത്ത് മുരുക്കുമ്പുഴയിൽ ഒരു വാട്ടർ സ്പോർട്സ് അക്കാഡമി സ്ഥാപിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

(സി) കാസർഗോഡ് ജില്ലയിൽ ഒരു മുനിസിപ്പൽ സ്റ്റേഡിയം കോംപ്ലക്സ് നിർമ്മിക്കുന്നതിനുവേണ്ടി നടപ്പു വർഷത്തെ ബഡ്ജറ്റിൽ 20 ലക്ഷം രൂപ വകയിരുത്തിയതായി ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) പ്രോജക്റ്റ് പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ അംഗീകാരം നൽകാവുന്നതും തുക അനുവദിക്കുന്നതിനനുസരിച്ച് പദ്ധതി നടപ്പിലാക്കാവുന്നതുമാണ്.

കണ്ണൂർ സ്പോർട്സ് ഹോസ്റ്റലിന്റെ ശോച്യാവസ്ഥ

116 (1172) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ സ്പോർട്സ് ഹോസ്റ്റലിന്റെ ശോച്യാവസ്ഥയെക്കുറിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, ഇക്കാര്യത്തിൽ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ടി ഹോസ്റ്റലിലെ ഒരു വിദ്യാർത്ഥിയുടെ ആഹാരത്തിനായി സർക്കാർ എത്ര തുക ചെലവാക്കുന്നുണ്ട് ;

(ഡി) മറ്റു ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്കായി സർക്കാർ ചെലവാക്കുന്ന തുകയേക്കാൾ കൂടുതലാണ് ടി തുകയെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഇ) ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യുന്നവർക്ക് കുടിശ്ശിക നൽകാനുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) കുടിശ്ശിക നൽകാത്തതു കാരണം പാൽ മുതലായ ആഹാര സാധനങ്ങളുടെ വിതരണം മുടങ്ങിയിട്ടുണ്ടോ ;

(ജി) പ്രസ്തുത ഹോസ്റ്റലിൽ നിലവിൽ സ്ഥിരമായി വാർഡനുണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ വാർഡനെ നിയമിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥലം എം. എൽ. എ. ആയ സ്പോർട്സ് മന്ത്രിയുടെ വികസന ഫണ്ടുപയോഗിച്ച് ആധുനിക രീതിയിലുള്ള പുതിയ സ്പോർട്സ് ഹോസ്റ്റലിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്.

(സി) ഒരു കുട്ടിക്ക് ഒരു ദിവസം മുപ്പതുരൂപ നിരക്കിൽ നൽകുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) ഉണ്ട്. കണ്ണൂർ സ്പോർട്സ് ഡിവിഷനിലെ പെൺകുട്ടികളുടെ ഡയറ്റ് ചാർജ് കേരള സ്പോർട്സ് കൗൺസിൽ വഴിയാണ് നൽകിയിരുന്നത്. 1999-2000 അധ്യയന വർഷം മുതൽ കൗൺസിൽ നൽകി വന്നിരുന്ന ഡയറ്റ് ചാർജ് നിർത്തൽ ചെയ്തതിനെ തുടർന്ന് വിദ്യാഭ്യാസ ഡയറക്ടറുടെ അത്‌ലറ്റിക് ഫണ്ടിൽ നിന്നും വായ്പയായിട്ടാണ് നൽകി വരുന്നത്. അത്‌ലറ്റിക് ഫണ്ടിൽ ആവശ്യത്തിന് തുകയില്ലാത്തതു കാരണം ഡയറ്റ് ചാർജ് യഥാസമയം നൽകാൻ കഴിയുന്നില്ല.

(എഫ്) വിതരണം മുടങ്ങിയിട്ടുള്ളതായി പരാതിയൊന്നും ലഭിച്ചിട്ടില്ല.

(ജി) ഉണ്ട്.

(എച്ച്) (ജി)യിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

(നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾ 1073, 1085, 1156, 1170 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II ഉത്തരത്തിലെ തിരുത്ത്

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): സർ, പതിനൊന്നാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ 26-6-2002-ന് മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത 1226-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിലും പതിനൊന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 30-1-2003-ൽ മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത 480-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിലും പിശക് സംഭവിച്ചിട്ടുണ്ട്. പിശക് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.† 9.30 A.M.]

†അനുബന്ധം V, VA

LIBRARY ARCHIVES Kerala Legislative Assembly